Sunday Vol. 14 No. 28 CYCLE - C

# വെർബും ദോമിനി

VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജൂൺ 01

## കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ

# അനുഗ്രഹമായയവന്റെ സ്വർഗ്ഗം

**ഡോ. മാർട്ടിൻ N ആന്റണി O. de M**



**ആ**രെയും മയക്കുന്ന ശാന്തതയോടെയാണ് ലൂക്കാ സുവിശേഷകൻ ശിഷ്യന്മാരിൽ നിന്നും വേർപിരിയുന്ന യേശുവിന്റെ ചിത്രമെഴുതുന്നത്. “അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു” (v. 50). ബഥാനിയാ – മരണത്തിനെ അതിജീവിക്കുന്ന സൗഹൃദത്തിന്റെയും ഉത്ഥാനത്തിന്റെയും ഇടമാണത്. ലാസറിനെ ഉയിർപ്പിച്ച ഇടം. അവനിതാ, ഒരു ഇടയനെ പോലെ അവരെ അങ്ങോട്ട് നയിക്കുന്നു. കാൽവരിയല്ല ഇനി നമ്മുടെ യാത്രകളുടെ ലക്ഷ്യം. അതിനപ്പുറം ബഥാനിയായിൽ ഒരു ഇടമുണ്ട്; മരണത്തിനു പോലും കടന്നു വരാൻ സാധിക്കാത്ത ഇടം.

മരണത്തിനുമപ്പുറത്തേയ്ക്ക് നയിക്കുന്ന ഒരു ഇടയൻ, ഇതാണ് ലൂക്കാ വരയ്ക്കുന്ന യേശുവിന്റെ അവസാനത്തെ ചിത്രം. അതിനോടൊപ്പം ഒരു കാര്യം കൂടി അവൻ കൂട്ടിച്ചേർക്കുന്നുണ്ട്; “അവൻ... കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു ” (v. 50). മൂന്നു വർഷക്കാലത്തോളം കൂടെ നടന്നവർക്ക് കണ്ണിൽ സൂക്ഷിക്കാവുന്ന അവസാനത്തെ സുന്ദര വർണ്ണമാണിത്; അനുഗ്രഹിക്കുന്ന യേശു. “അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു” (v. 51). അനുഗ്രഹം അതാണ് അവന്റെ അവസാനത്തെ സാക്ഷ്യം. അത് നമ്മിൽ ഓരോരുത്തരിലും എത്തുന്നു. അത് ആകാശത്തിനും ഭൂമിക്കും മധ്യേ നിൽക്കുന്നു, നമ്മിലെ തിന്മകളെ മായ്ച്ചുകളയുന്നു, നമ്മുടെ രോഗങ്ങളിലേക്കും നിരാശയിലേക്കും വീഴ്ച്ചയിലേക്കും ദൗർബല്യത്തിലേക്കും അത് ആഴ്ന്നിറങ്ങുന്നു. എന്നിട്ട് നമുക്കൊരു ഉറപ്പു നൽകുന്നു; മുറിവുകളെക്കാൾ ശക്തമാണ് ജീവിതം.

എല്ലാ ശിഷ്യരോടുമുള്ള യേശുവിന്റെ അവസാനത്തെ സന്ദേശം ഇതാണ്: നീ അനുഗൃഹീതനാണ്. ലത്തീൻ, ഗ്രീക്ക് പദനിഷ്പത്തിയിൽ അനുഗ്രഹം എന്നാൽ നിന്നിലെ നന്മയെയാണ് സൂചിപ്പിക്കുന്നത്. നമ്മുടെ ഭാഷയിൽ അനുഗ്രഹത്തിന് “ചുറ്റും കാത്തു രക്ഷിക്കുക” എന്നർത്ഥം. മറ്റൊരു രീതിയിൽ പറഞ്ഞാൽ നിന്നിലെ നന്മയാൽ നിന്റെ ജീവിതപരിസരം പൂവണിയട്ടെ എന്ന് അവൻ കല്പിക്കുന്നു. എലിസബത്തിലൂടെ “നീ സ്ത്രീകളിൽ അനുഗൃഹീതയാണ് ” എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ക്രൈസ്തവ ചരിത്രം ആരംഭിക്കുന്നത്. ഇപ്പോഴിതാ അതേ വാക്കുകൾ യേശുവിന്റെ അന്ത്യ വചസ്സുകളായി മാറുന്നു: സകല സൃഷ്ടികളിൽ നിങ്ങൾ അനുഗൃഹീതരാണ്. യേശുവിന്റെ അനുഗ്രഹത്തിന് യോഗ്യനാകാൻ എന്തു മേന്മയാണ് എനിക്കുള്ളത്? ഒരു മേന്മയും ഇല്ല. എന്നിട്ടും അവൻ എന്നെ അനുഗ്രഹിക്കുന്നു. ഒരു യോഗ്യതയും എനിക്കില്ല. എങ്കിലും അവന്റെ അനുഗ്രഹത്തിൽ ഞാൻ ആശ്രയിക്കും, അത് നൽകുന്ന പ്രത്യാശയിൽ ഞാൻ മുറുകെ പിടിക്കും. കാരണം, അവൻ മാത്രമാണ് എന്നെ വഴി നടത്തുന്ന ഇടയനും, പുരോഹിതനും, രക്ഷകനും.

അനുഗ്രഹ വചസ്സുകൾ കൊണ്ടാണ് സുവിശേഷം ആരംഭിക്കുന്നതും, അവസാനിക്കുന്നതും. സ്വർഗ്ഗത്തിലേക്ക് കയറാനുള്ളവന് ലോകത്തെക്കുറിച്ച് പറയാനുള്ളത് നന്മകൾ മാത്രമാണ്. ശിഷ്യന്മാരോ, വേർപിരിയുന്ന യേശുവിനെ പ്രതി ദു:ഖിക്കുന്നതിനുപകരം “അത്യന്തം ആനന്ദത്തോടെ ജറുസലെമിലേക്കു മടങ്ങുന്നു” (v. 52). ഇല്ല, നമ്മൾ നൽകിയ നൊമ്പരങ്ങളുടെ കണക്കുമായല്ല അവൻ പിതാവിന്റെ പക്കലേക്ക് തിരിക്കുന്നത്. നമ്മൾ നൽകിയ കൊച്ചു നന്മകളും ചേർത്തുവച്ചുകൊണ്ടാണ്.

മൂന്നു സത്യങ്ങൾക്ക് സാക്ഷ്യം നൽകാനാണ് ഉത്ഥിതൻ നമ്മോട് ആവശ്യപ്പെടുന്നത്. ഒന്ന്, കുരിശിന്റെ നിയമമാണ്. ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വിഷയമാകാത്ത ഒരു പ്രഘോഷണവും നിനക്കുണ്ടാകരുത്. രണ്ട്, മാനസാന്തരം: ഉന്നതവും സുന്ദരവുമായ സത്യമാർഗത്തിലേക്കുള്ള ഏക വാതിലാണത്. മൂന്ന്, പാപമോചനം: വീണു പോയാലും ജീവിതം പുനരാരംഭിക്കാനുള്ള സാധ്യതയായി ക്ഷമിക്കുന്ന സ്നേഹം കയ്യെത്തും ദൂരത്ത് എപ്പോഴുമുണ്ടെന്ന ബോധ്യം.

അവൻ അവരിൽ നിന്നും മറയുകയും സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടുവെന്നും സുവിശേഷകൻ പറയുന്നു. അവൻ മറഞ്ഞത് മേഘങ്ങൾക്കപ്പുറത്തേക്കല്ല, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലേക്കാണ്. നമ്മുടെ ഹൃദയമാണ് അവന്റെ സ്വർഗ്ഗം. അവൻ നമ്മുടെ ഓരോരുത്തരുടെയും വലതുവശത്ത് ഉപവിഷ്ടനായിരിക്കുന്നു. എല്ലാ സൃഷ്ടികളുടെയും ഉള്ളിലും അവനുണ്ട്. കല്ലിന്റെ കാഠിന്യത്തിലും, താരാഗണങ്ങളുടെ സംഗീതത്തിലും, പ്രഭാതത്തിലെ കിരണങ്ങളിലും, പ്രണയികളുടെ ആലിംഗനത്തിലും സ്നേഹത്തെപ്രതിയുള്ള ത്യാഗങ്ങളിലും അവനുണ്ട്. ഇനി സഹജൻ നരകമല്ല, സ്വർഗ്ഗമാണ്. എന്റെ തമ്പുരാൻ വസിക്കുന്ന ഇടമാണവൻ.

## ആമുഖം

പ്രിയമുള്ളവരെ, തിരുസഭ ഇന്ന് നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സ്വർഗ്ഗാരോഹണ ത്തിരുനാൾ സാഘോഷം കൊണ്ടാടുകയാണ്. പിതാവിന്റെ ഇഷ്ടമനുസരിച്ച് ഭൂമിയിൽ മനുഷ്യ നായി അവതരിക്കുകയും, തന്റെ ദൗത്യ നിർവ്വഹണത്തിന്റെ പൂർത്തീകരണമായി പീഢകൾ സഹിച്ച് മരിച്ച് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ ക്രിസ്തു പിതാവിന്റെ വലതുഭാഗത്തേയ്ക്ക് ആരോഹണം ചെയ്യുന്നതുമാണ് ഇന്ന് നാം ധ്യാനിക്കുക. ക്രിസ്തു ശിഷ്യരായ നമ്മുടെയും ലക്ഷ്യം സ്വർഗ്ഗമെന്ന യാഥാർത്ഥ്യമാണ്. അവിടെ എത്തിച്ചേരണമെങ്കിൽ ഈ ഭൂമിയിൽ നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിറവേറ്റേണ്ടതായിട്ടുണ്ട്. ഇത്രയും നാളത്തെ നമ്മുടെ ജീവിതയാത്രയിൽ അതിനു സാധിച്ചിട്ടുണ്ടോ എന്ന് ആത്മശോധന ചെയ്യാം. നമ്മുടെ കുറവുകൾ മനസ്സിലാക്കി, അത് തിരുത്തുവാനും സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുവാനുമുള്ള കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം..

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (1 : 1 - 11)

*(അവർ നോക്കിനിൽക്കേ, അവൻ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു)*

അല്ലയോ തെയോഫിലോസ്, യേശു, താൻ തെരഞ്ഞെടുത്ത അപ്പസ്തോലൻമാർക്ക് പരിശുദ്ധാത്മാവു വഴി കൽപന നൽകിയതിനുശേഷം സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട ദിവസംവരെ, പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്ത എല്ലാകാര്യങ്ങളെയുംകുറിച്ച് ആദ്യ ഗ്രന്ഥത്തിൽ ഞാൻ എഴുതിയിട്ടുണ്ടല്ലോ. പീഡാനുഭവത്തിനുശേഷം നാൽപതു ദിവസത്തേക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു. അങ്ങനെ, അവൻ അവർക്കു വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ട്, ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു. അവൻ അവരോടൊപ്പം ഭക്ഷണത്തിനിരിക്കുമ്പോൾ കൽപിച്ചു: നിങ്ങൾ ജറുസലെം വിട്ടു പോകരുത്. എന്നിൽ നിന്നു നിങ്ങൾ കേട്ട പിതാവിൻെറ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം നൽകി; നിങ്ങളാകട്ടെ ഏറെത്താമസിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏൽക്കും.
ഒരുമിച്ചുകൂടിയിരിക്കുമ്പോൾ അവർ അവനോടു ചോദിച്ചു: കർത്താവേ, അവിടുന്ന് ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചു നൽകുന്നത് ഇപ്പോഴാണോ? അവൻ പറഞ്ഞു: പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമല്ല. എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും. ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ, അവർ നോക്കി നിൽക്കേ, അവൻ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു; ഒരു മേഘം വന്ന് അവനെ അവരുടെ ദൃഷ്ടിയിൽനിന്നു മറച്ചു. അവൻ ആകാശത്തിലേക്കു പോകുന്നത് അവർ നോക്കിനിൽക്കുമ്പോൾ, വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു : അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കിനിൽക്കുന്നതെന്ത്? നിങ്ങളിൽ നിന്നു സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു, സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

**(47 : 1 - 2, 5 - 6, 7 - 8)**

### ജയഘോഷത്തോടും കാഹളനാദത്തോടുംകൂടെ ദൈവമായ കർത്താവ് ആരോഹണം ചെയ്തു.

ജനതകളേ, കരഘോഷം മുഴക്കുവിൻ. ദൈവത്തിൻെറ മുൻപിൽ ആഹ്ളാദാരവം മുഴക്കുവിൻ. അത്യുന്നതനായ കർത്താവു ഭീതിദനാണ്; അവിടുന്നു ഭൂമി മുഴുവൻെറയും രാജാവാണ്.

**ജയഘോഷത്തോടും .....**

ജയഘോഷത്തോടും കാഹളനാദത്തോടുംകൂടെ ദൈവമായ കർത്താവ് ആരോഹണം ചെയ്തു. ദൈവത്തെ പാടിപ്പുകഴ്ത്തുവിൻ; സ്തോത്രങ്ങളാലപിക്കുവിൻ; നമ്മുടെ രാജാവിനു സ്തുതികളുതിർക്കുവിൻ; കീർത്തനങ്ങളാലപിക്കുവിൻ.

**ജയഘോഷത്തോടും .....**

ദൈവം ഭൂമി മുഴുവൻെറയും രാജാവാണ്; സങ്കീർത്തനം കൊണ്ട് അവിടുത്തെ സ്തുതിക്കുവിൻ. ദൈവം ജനതകളുടെമേൽ വാഴുന്നു, അവിടുന്നു തൻെറ പരിശുദ്ധസിംഹാസനത്തിലിരിക്കുന്നു.

**ജയഘോഷത്തോടും .....**

## രണ്ടാം വായന

### ഹെബ്രായർക്ക് എഴുതിയ ലേഖനത്തിൽ നിന്ന് (9 : 24 - 28; 10 : 19 - 23)

*(യേശു സ്വർഗ്ഗത്തിലേക്കുതന്നെയാണ് പ്രവേശിച്ചത്)*

സഹോദരരേ, മനുഷ്യനിർമിതവും സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധസ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നിൽക്കാൻ സ്വർഗത്തിലേക്കുതന്നെയാണ് യേശു പ്രവേശിച്ചത്. അത്, പ്രധാനപുരോഹിതൻ തൻേറതല്ലാത്ത രക്തത്തോടുകൂടെ വിശുദ്ധസ്ഥലത്തേക്ക് ആണ്ടുതോറും പ്രവേശിക്കുന്നതുപോലെ, പലപ്രാവശ്യം തന്നെത്തന്നെ സമർപ്പിക്കാനായിരുന്നില്ല. ആയിരുന്നെങ്കിൽ ലോകാരംഭം മുതൽ പലപ്രാവശ്യം അവൻ പീഡ സഹിക്കേണ്ടി വരുമായിരുന്നു. കാലത്തിൻെറ പൂർണതയിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ട് പാപത്തെ നശിപ്പിക്കാൻ ഇപ്പോൾ ഇതാ, അവൻ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണം; അതിനുശേഷം വിധി എന്ന് നിശ്ച

യിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ക്രിസ്തുവും വളരെപ്പേരുടെ പാപങ്ങൾ ഉൻമൂലനംചെയ്യുന്നതിനുവേണ്ടി ഒരു പ്രാവശ്യം അർപ്പിക്കപ്പെട്ടു. അവൻ വീണ്ടും വരും - പാപപരിഹാരാർഥമല്ല, തന്നെ ആകാംക്ഷാപൂർവം കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടി.

എൻെറ സഹോദരരേ, യേശുവിൻെറ രക്തംമൂലം വിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. എന്തെന്നാൽ, തൻെറ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിൻെറ മേൽനോട്ടക്കാരനായി നമുക്കൊരു മഹാപുരോഹിതനുണ്ട്. അതിനാൽ, വിശ്വാസത്തിൻെറ ഉറപ്പുള്ള സത്യഹൃദയത്തോടെ നമുക്ക് അടുത്തുചെല്ലാം. ഇതിന് ദുഷ്ടമനഃസാക്ഷിയിൽനിന്നു നമ്മുടെ ഹൃദയത്തെ വെടിപ്പാക്കുകയും ശരീരം ശുദ്ധജലത്താൽ കഴുകുകയും വേണം. നമ്മോടു വാഗ്ദാനം ചെയ്തിരിക്കുന്നവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Mt. 28 : 19 + 20b) കർത്താവ് അരുൾച്ചെയ്യുന്നു: നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുവിൻ. ഇതാ ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (24 : 46- 53)

*(അവരെ അനുഗ്രഹിക്കയിൽത്തന്നെ, യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു)*

അക്കാലത്ത്, യേശു ശിഷ്യന്മാരോട് അരുൾചെയ്തു: ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം. പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്. ഇതാ, എൻെറ പിതാവിൻെറ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ.

അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടു പോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽ നിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു. അവർ അവനെ ആരാധിച്ചു. അത്യന്തം ആനന്ദത്തോടെ ജറുസലെമിലേക്കു മടങ്ങി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാ സമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ:** പ്രിയ സഹോദരരെ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകയും, സ്വർഗത്തിൽ തന്റെ വലതുഭാഗത്ത് ഉപവിഷ്ടനാക്കുകയും ചെയ്ത സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകളും യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവേ, സാർവ്വത്രിക സഭയുടെ അമരക്കാരനായി അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും അത്മീയ വരങ്ങളാൽ നിറയ്ക്കുകയും, കാലത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് ദൈവജനത്തെ സ്വർഗ്ഗീയ തുറമുഖം ലക്ഷ്യമാക്കി നയിക്കുവാൻ വേണ്ട കൃപകളാൽ സമ്പന്നരാക്കുകയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ എന്ന് അങ്ങെ പ്രിയ പുത്രൻ അപ്പോസ്തലന്മാർക്ക് മുന്നറിയിപ്പ് നൽകിയതു പോലെ, ഞങ്ങൾക്കും അങ്ങ് മുന്നറിയിപ്പുകൾ നൽകുന്നുവെങ്കിലും, പലപ്പോഴും അവ തിരിച്ചറിയാൻ ഞങ്ങൾക്ക് കഴിയാതെ പോകുന്നു. അങ്ങെ തിരുഹിതം തിരിച്ചറിയുവാനും, അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കാരുണ്യവാനായ ദൈവമേ, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും, വിദ്യ അഭ്യസിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരെയും, എല്ലാ വിദ്യാർത്ഥികളെയും സമർപ്പിക്കുന്നു. പുതിയ അദ്ധ്യയനവർഷം മുഴുവൻ അങ്ങെ തിരുക്കുമാരന്റെ കൃപാകടാക്ഷം ഒരോ മക്കളുടെയുംമേൽ ഉണ്ടാകണമെന്നും, തിന്മയുടെ ശക്തികൾ ഞങ്ങളുടെ കുഞ്ഞുങ്ങളെ സ്പർശിക്കാതിരിക്കാൻ ഒരു കോട്ടയായി അങ്ങ് നിലകൊള്ളണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ താതാ, രോഗങ്ങളാലും, സാമ്പത്തിക ബുദ്ധിമുട്ടുകളാലും ശാരീരികമായും മാനസികവുമായി വേദനിക്കുന്ന എല്ലാവരെയും അങ്ങ് കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. അവരുടെ വിഷമാവസ്ഥയിലും, സാമ്പത്തിക ഞെരുക്കങ്ങളിലും സാന്ത്വനവുമായി അങ്ങ് കടന്നു ചെല്ലണമെന്നും, അവരെ സഹായിക്കാൻ കഴിയുന്ന അനേകം സുമനസ്സുകളെ ഒരുക്കിക്കൊണ്ട് അവരുടെ ബുദ്ധിമുട്ടുകളെ ഇല്ലായ്മ ചെയ്യണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവനും പുനരുത്ഥാനവുമായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും പ്രാർത്ഥിക്കുവാൻ ആരുമില്ലാത്ത ആത്മാക്കളുടെയും പാപകടങ്ങൾ സദയം പൊറുക്കണമെന്നും, സ്വർഗ്ഗത്തിൽ അങ്ങെ തിരുമുഖം ദർശിക്കുവാൻ അവരെ യോഗ്യരാക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ:** സ്നേഹ പിതാവേ, ഉത്ഥിതനായ അങ്ങെ തിരുക്കുമാരൻ നൽകുന്ന സമാധാനത്തിൽ എന്നും നിലനിൽക്കുവാനും, നിത്യജീവൻ നേടുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : **സി. ബേബി ലിയോൺ S. H. E.**

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

ഒരു തിരിയായ് എരിയാം ഞാനും
ഈ ബലിയിൽ നിൻ തിരുസവിധേ
ഒരു മലരായ് വിരിയാം ഞാനും
തവ പാദേ എന്നും പുണരാം
ഒരു നവഗാനം പാടാം
ഒരു മനമോടണിചേരാം
കനിയൂ സ്നേഹനാഥാ
അണയൂ ഈ ബലിയിൽ (ഒരു നവഗാനം....)

അണയാം ഒന്നു ചേരാം
കർത്താവിൻ തിരുബലിയിൽ
അനുരഞ്ജിതരായ് തീരാം
ബലിയർപ്പകരായ് മാറാം (2)

കാൽവരി ബലിയതിൻ ഓർമ്മകളിൽ
നോവുകളുണരും നേരം (2)
രക്തം ചിന്തിയ നാഥനെയോർക്കാം
അനുദിനമേകാം സ്നേഹബലി (2) (ഒരു നവഗാനം....)

### കാഴ്ചവയ്പ് ഗാനം

ഹൃദയ താലത്തിൽ കാഴ്ച്ചയേകാനായ്
വരുന്നിതാ ഞങ്ങൾ സ്വീകരിക്കണമേ (2)
നിറയുമീ കാസയിൽ ഉയരുമീ പീലാസയിൽ
ഏഴയാമെൻ ആത്മവ്യഥകൾ സമർപ്പിക്കുന്നു
സ്വീകരിക്കണമേ നാഥാ....
സർവ്വവും കാഴ്ച്ചയായേകാം (2)

സഹന വഴികളിലൂടെ
കുരിശിൽ തീർത്തൊരു സ്നേഹം
പാവന ബലിപീഠത്തിൽ
പകർന്നു നൽകും നേരം (2)
എൻ നിനവിൽ നിന്നുതിരും മിഴിനീർ
എൻ മനസ്സിന്റെ ദു:ഖങ്ങൾ ചൊല്ലും
എന്നും നിനക്കേകിടുവാനായ്
എൻ കദനവും കണ്ണീരും മാത്രം
(സ്വീകരിക്കണമേ......)

### ദിവ്യകാരുണ്യ ഗാനം


തിരുവോസ്തിയായ് എന്നിലണയും
സ്നേഹം ദൈവസ്നേഹം
അകതാരിലലിയാൻ വരുന്നു
സ്നേഹം എന്റെ ഈശോ
(തിരുവോസ്തിയായ് ......)

ഇത്ര ചെറുതാകാൻ എത്ര വളരേണം
ഇത്ര സ്നേഹിക്കാനെന്തുവേണം (2)

നോവിച്ച നാവിലല്ലേ നാഥൻ
സ്നേഹത്തിൻ കൂദാശയേകി (2)
നിന്ദിച്ച മാനസത്തിൽ നീ
കാരുണ്യ തീർത്ഥവുമായ് (2) (ഇത്ര ചെറുതാകാൻ.....)

ക്രൂശിച്ച കൈയിലല്ലേ നാഥൻ
ജീവന്റെ മന്ന തന്നു (2)
കോപിച്ച മാനസത്തിൽ നീ
സ്നേഹാഗ്നി ജ്വാലയുമായ് (2)
(തിരുവോസ്തിയായ് ......)

| Jun | വിശുദ്ധർ | വായനകൾ |
|---|---|---|
| 02 Mon | Sts. Marcellinus and Peter | Act 19: 1-8/ Ps 68: 2-3. 4-5ac. 6-7ab/ Jn 16: 29-33 |
| 03 Tue | Sts. Charles Lwanga & Companions | Act 20: 17-27/ Ps 68: 10-11. 20-21/ Jn 17: 1-11a |
| 04 Wed | St. Francis Caracciolo | Act 20: 28-38/ Ps 68: 29-30. 33-35a. 35bc and 36c/ Jn 17: 11b-19 |
| 05 Thu | St. Boniface of Mainz | Act 22: 30; 23: 6-11/ Ps 16: 1-2a and 5. 7-8. 9-10. 11/ Jn 17: 20-26 |
| 06 Fri | St. Norbert | Act 25: 13b-21/ Ps 103: 1-2. 11-12. 19-20ab/ Jn 21: 15-19 |
| 07 Sat | St. Willibald | Act 28: 16-20. 30-31/ Ps 11: 4. 5 and 7/ Jn 21: 20-25 |



Sunday
**വെർബും ദോമിനിയുടെ**
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം**
**താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.